പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 326 — 11.06.2013-ൽ മറുപടിയ്ക്ക്

## ആർ. ജി. ജി. വി. വൈ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ആർ. ജി. ജി. വി. വൈ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നത് ; | (എ) | ആർ.ജി.ജി.വി.വൈ പദ്ധതി, 10-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. 11 - ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | കാലാവധി കഴിഞ്ഞിട്ടും ഏതെല്ലാം ജില്ലകളിലാണ് പദ്ധതി പൂർത്തിയാകാത്തത് ; വ്യക്തമാക്കാമോ ; | (ബി) & (സി) | റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ 11 - ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആർ.ജി.ജി.വി.വൈ പദ്ധതികളുടെ കാലാവധി 30 സെപ്റ്റംബർ 2013 വരെ നീട്ടിയിട്ടുണ്ട്. |
| (സി) | പൂർത്തിയാകാത്തവയുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതുവരെ ; | | |
| (ഡി) | ആർ. ജി. ജി. വി. വൈ യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) | ആർ.ജി.ജി.വി.വൈ പദ്ധതി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ആയതിലേയ്ക്കായി ബോർഡ് തലത്തിൽ പദ്ധതി പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പദ്ധതി പ്രവൃത്തികൾ വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.